# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2623 — 06.12.2018 -ൽ മറുപടിക്ക്

## പ്രളയക്കെടുതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. സ്വരാജ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രളയക്കെടുതിക്ക് ശേഷം ടൂറിസം മേഖലയിൽ എന്തെല്ലാം തിരിച്ചടികൾ ഉണ്ടായിട്ടുണ്ട് എന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | എ) | സംസ്ഥാനത്ത് പ്രളയക്കെടുതിക്ക് ശേഷം ടൂറിസം മേഖലയിൽ വിദേശവിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 18.46, 18.16 എന്നീ ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 12.56%, 5.85% കുറവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കുറവിന് ആനുപാതികമായി വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിലും ഇടിവ് സംഭവിച്ചിട്ടുണ്ട്. |
| ബി) ഇവയിൽ നിന്നും അതിജീവിച്ച് ടൂറിസം മേഖലയിൽ കൂടുതൽ ഉണർവ്വുണ്ടാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;<br>സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ? | ബി) യും സി) യും | സംസ്ഥാനത്ത് പ്രളയക്കെടുതിയ്ക്ക് ശേഷം ടൂറിസം മേഖലയിൽ ഉണ്ടായ തിരിച്ചടി അടിയന്തരമായി മറികടക്കുന്നതിനായി വകുപ്പ് വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. " Post Flood Campaign" ന്റെ ഭാഗമായി "Its Time for Kerala" എന്ന ലേബലിൽ പരസ്യ പ്രചരണം സംഘടിപ്പിച്ചു. ഇന്ത്യയിലെ വിവിധ സിനിമാ സ്ക്രീനുകളായ PVR, INOX, VFO എന്നിവിടങ്ങളിൽ ഏകദേശം 350 ഓളം സ്ക്രീനുകൾ കേന്ദ്രീകരിച്ച് പരസ്യം പ്രദർശിപ്പിച്ചു കഴിഞ്ഞു. നാഷണൽ ടെലിവിഷൻ ചാനലുകൾ, റേഡിയോ എന്നിവ വഴിയും പ്രചരണം നടത്തി. ഡൽഹി, മുംബൈ, ബാംഗ്ലൂർ, |

ഹൈദരാബാദ്, അഹമ്മദാബാദ്, ചെന്നൈ എയർപോർട്ടുകളിൽ OOH ക്യാമ്പയിൻ നടത്തി. രാജ്യത്തെ വിവിധ പത്രങ്ങളിലും മാസികകളിലും പരസ്യം നൽകിയിട്ടുണ്ട്. ഡിജിറ്റൽ ക്യാമ്പയിൻ, സോഷ്യൽ മീഡിയ, ഓൺലൈൻ ആഡ് ക്യാമ്പയിൻ (ഇന്ത്യക്കകത്തും പുറത്തും) വീഡിയോ ക്യാപ്സൂൾ ടു പ്രൊമോട്ട് കേരള എന്നിവയും ടൂറിസം മേഖലയ്ക്ക് ഉണർവ് സമ്മാനിച്ചു കഴിഞ്ഞു. മാത്രമല്ല പ്രളയാനന്തരം വിവിധ സംസ്ഥാനങ്ങളിൽ (മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃതസർ, ഹൈദരാബാദ്) നടത്തിയ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുത്തത് കേരള ടൂറിസം മേഖല പ്രളയത്തെ അതിജീവിച്ച് സഞ്ചാരികൾക്ക് വീണ്ടും പ്രിയപ്പെട്ടതാണെന്നുള്ള പ്രചരണവും ബോധവൽക്കരണവും നടത്തിക്കഴിഞ്ഞു. അന്താരാഷ്ട്ര ബി2 ബി മീറ്റുകളിലും ട്രേഡ് ഫെയറുകളിലും വകുപ്പ് ക്യാമ്പയിൻ നടത്തി വരുന്നു. ജനുവരി മുതൽ മാർച്ച് മാസം വരെ നെതർലാൻസ്, മാഡ്രിഡ്, മിലാൻ, ടെൽ അവീവ്, ബെർലിൻ, പാരീസ്, വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ന്യൂയോർക്ക്, ചിക്കാഗോ, ഹ്യൂസ്റ്റൺ, ലോസ് ആഞ്ചലസ്, ലണ്ടൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ട്രേഡ് ഫെയറുകൾ, മീറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ഇതുവഴി പ്രളയാനന്തരം സംസ്ഥാന ടൂറിസം മികച്ച ഉണർവ് നേടി വീണ്ടും പഴയ രീതിയിലേയ്ക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ